**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - മണ്ണാർക്കാട് നഗരസഭയിലെ ക്ലർക്കായിരുന്ന ശ്രീമതി. ദിവ്യ യു.പി., ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) നം 419/2019 കേസിലെ 26.06.2019 തീയതിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ)നം. 1284/2021/തസ്വഭവ തീയതി,തിരുവനന്തപുരം, 07.07.2021

പരാമർശം :

1. മണ്ണാർക്കാട് നഗരസഭയിലെ ക്ലർക്കായിരുന്ന ശ്രീമതി. ദിവ്യ യു.പി. സർക്കാരിൽ സമർപ്പിച്ച 04.06.2019 തീയതിയിലെ അപേക്ഷ( അനക്ഷർ MA6)
2. ശ്രീമതി. ദിവ്യ യു.പി., ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) നം 419/2019 കേസിലെ 26.06.2019 തീയതിലെ വിധിന്യായം
3. നഗരകാര്യഡയറക്ടറുടെ 17.06.2021 തീയതിയിലെ വി3-4182/19 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ മണ്ണാർക്കാട് നഗരസഭയിലെ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. ദിവ്യ യു.പി., തന്റെ സസ്പെൻഷൻ പിൻവലിച്ച് സേവനത്തിൽ തിരികെ പ്രവേശിപ്പിക്കണമെന്ന ആവശ്യവുമായി പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) നം 419/2019 കേസിലെ 26.06.2019 ലെ ഉത്തരവ് പ്രകാരം ടിയാൾ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ ടിയാളെ നേരിൽ കേട്ടതിനുശേഷം തീരുമാനമെടുക്കണമെന്നും നഗരകാര്യഡയറക്ടർ ടിയാൾക്ക് ചാർജ്ജ് മെമ്മോ നൽകിയ സാഹചര്യത്തിൽ കോടതി ഉത്തരവ് ലഭിച്ച് 3 മാസത്തിനകം ടിയാൾക്കെതിരേയുള്ള അച്ചടക്കനടപടികൾ നഗരകാര്യഡയറക്ടർ പൂർത്തിയാക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പ്രകാരം ശ്രീമതി. ദിവ്യ യു.പി.-യെ 11.10.2019 ന് തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേട്ടിരുന്നു. നേരിൽ കേട്ട സമയത്തെ അപേക്ഷകയുടെ വാദങ്ങളുടേയും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ ശ്രീമതി. ദിവ്യ യു.പി.-യ്ക്കെതിരായ ആരോപണവുമായി

ബന്ധപ്പെട്ട കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട് ലഭ്യമായ ശേഷം ടിയാളുടെ അപേക്ഷ തീർപ്പാക്കുന്നതിന് തീരുമാനമെടുത്തിരുന്നു. തുടർന്ന് നഗരകാര്യഡയറക്ടറുടെ 20.11.2019 ലെ വി3- 4182/ 2019 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി. ദിവ്യ യു.പി.-യ്ക്കെതിരായ ആരോപണത്തിൽ സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടികൾ തുടരുമെന്ന വ്യവസ്ഥയിൽ ടിയാളുടെ സസ്പെൻഷൻ പിൻവലിച്ച് ഫറോക്ക് നഗരസഭയിൽ നിയമിച്ചുകൊണ്ട് ഉത്തരവായിരുന്നു.

3. കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ സമർപ്പിച്ച പരാമർശം 3 റിപ്പോർട്ട് പ്രകാരം മണ്ണാർക്കാട് നഗരസഭയിൽ കുടുംബശ്രീ സി.ഡി.എസ്-ന്റെ മെമ്പർ സെക്രട്ടറിയുടെ ചുമതല നിർവ്വഹിച്ചിരുന്ന ക്ലാർക്ക് ശ്രീമതി.ദിവ്യ യു.പി, കുടുംബശ്രീയുമായി ബന്ധപ്പെട്ട് ഡാറ്റാ എൻട്രി ജോലികൾക്കായി ക്രമവിരുദ്ധമായി 27,060/- രൂപ ചെലവഴിച്ചതായും സി.ഡി.എസ് ഭരണസമിതി തീരുമാനമില്ലാതെ വിവിധ സർവ്വേ പ്രവർത്തനങ്ങൾക്ക് 52,260/- രൂപ ചെലവഴിച്ചതായും ഇവയ്ക്ക് മതിയായ വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ലാത്തതായും പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർക്ക് അനുവദിക്കേണ്ട 5,000/- രൂപയുടെ ചെക്ക് സ്വകാര്യ വ്യക്തിയ്ക്ക് അനുവദിച്ചിട്ടുള്ളതായും ഇതിന് കൈപ്പറ്റ് രസീതോ വിനിയോഗ സാക്ഷ്യപത്രമോ സൂക്ഷിച്ചിട്ടില്ലാത്തതായും ഓണച്ചന്ത നടത്തിയ വകയിൽ 31,826/- രൂപ ചെലവഴിച്ചതിൽ മൈക്ക് സെറ്റിന് രണ്ട് തവണ തുക അനുവദിച്ചതായും പച്ചക്കറിയ്ക്ക് ചെലവായ 6,076/- രൂപ തിരികെ അക്കൗണ്ടിൽ ഒടുക്കിയിട്ടില്ലാത്തതായും മണ്ണാർക്കാട് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.യു.പി.ദിവ്യയെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീമതി.യു.പി.ദിവ്യയുടെ ഭാഗത്ത് നിന്നുള്ള മേൽ പ്രവൃത്തി ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയും അച്ചടക്ക ലംഘനവും കൃത്യവിലോപവും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുമായി കണ്ട് 1960 ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം ടിയാരിയ്ക്ക് കുറ്റാരോപണ മെമ്മോ/ പത്രിക നൽകിയിരുന്നതായും അറിയിച്ചിരുന്നു. ശ്രീമതി.യു.പി.ദിവ്യയ്ക്കെതിരെയുള്ള ക്രമക്കേടുകളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതായും,അതിൻപ്രകാരം സമർപ്പിച്ച ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ 2016-17 വരെയുള്ള കാലയളവിൽ സി.ഡി.എസ്. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചതിൽ ഒന്നും തന്നെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല എന്നും, പരാമർശിത ക്രമക്കേടുകൾ കണ്ടെത്തിയിരിക്കുന്നത് 2017-18 സാമ്പത്തിക വർഷത്തിലാണെന്നും ടിയാരിയുടെ ബാദ്ധ്യത തിട്ടപ്പെടുത്തുന്നതിന് 2018-19 സാമ്പത്തിക വർഷത്തെ കുടുംബശ്രീ/സി.ഡി.എസ് അക്കൗണ്ടിന്റെ ഓഡിറ്റ് കൂടി നടത്തേണ്ടത് ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുള്ളതായും അറിയിക്കുകയുണ്ടായി.

4. കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മണ്ണാർക്കാട് നഗരസഭയിലെ 2017-18, 2018-19 എന്നീ

വർഷത്തിലെ കുടുംബശ്രീയുടെ സി.ഡി.എസ് ഓഡിറ്റ് പൂർത്തിയാക്കി ശ്രീമതി.യു.പി.ദിവ്യയുടെ ബാദ്ധ്യത പൂർണ്ണമായി തിട്ടപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നഗരസഭാ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നതായും എന്നാൽ KAAS (കുടുംബശ്രീ അക്കൗണ്ടിംഗ് ആന്റ് ഓഡിറ്റിംഗ് സർവ്വീസസ് സൊസൈറ്റി) നടത്തിയ 2018-19 ലെ ഓഡിറ്റ് റിപ്പോർട്ടിലും ബാദ്ധ്യത പൂർണ്ണമായി തിട്ടപ്പെടുത്തുന്നതിന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്ന് സെക്രട്ടറി അറിയിച്ചിരുന്നു. ആയതിനാൽ ശ്രീമതി.യു.പി.ദിവ്യയ്ക്കെതിരെയുള്ള ആരോപണത്തിന്മേൽ വ്യക്തമായ സാമ്പത്തിക ബാദ്ധ്യത തിട്ടപ്പെടുത്തി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന ഓഡിറ്റ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും, കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായതിനുശേഷം ശ്രീമതി.ദിവ്യ യു.പി-യ്ക്കെതിരെയുള്ള അച്ചടക്ക നടപടികൾ താമസംവിനാ അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. നഗരകാര്യഡയറക്ടറുടെ മേൽ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചതിൽ ശ്രീമതി. ദിവ്യ യു.പി., സർക്കാരിൽ സമർപ്പിച്ചിരുന്ന അപേക്ഷയിലെ (അനക്ഷർ MA6) ആവശ്യം പരിഹരിച്ചതിനാൽ ആയത് തീർപ്പാക്കിക്കൊണ്ടും ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 26.06.2019 തീയതിലെ ഉത്തരവ് പ്രകാരം ടിയാൾക്കെതിരേയുള്ള അച്ചടക്കനടപടികൾ പൂർത്തീകരിക്കുവാൻ നഗരകാര്യഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

6. മേൽപ്രകാരം ഒ.എ(ഇകെഎം) നം 419/2019 നമ്പർ ബഹു.കേരള അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിന്റെ 26.06.2019 ലെ അന്തിമവിധിന്യായം നടപ്പിലാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ജെയ്സി പോൾ**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.( ആമുഖ കത്ത് സഹിതം)

ശ്രീമതി. ദിവ്യ യു.പി., ക്ലർക്ക്, മണ്ണാർക്കാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ